# റബ്ബർ വാർത്തകൾ

ചന്ദ്രശേഖരൻ നായർ



വാറ്റ് നടപ്പിലായിക്കഴിഞ്ഞപ്പോൾ അതിർത്തികളിലൂടെയുള്ള കള്ളക്കടത്തും കുറഞ്ഞു. അതിനാൽ ഉത്പാദനക്ഷമതയും വർധിച്ചു. എന്നാൽ വരാൻപോകുന്ന ഉത്പാദനക്ഷമതയിലെ കുറവ് പരിഹരിക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. അതിനായി പുതുകൃഷിക്ക് 12,000 രൂപയായി കുറച്ച് നിറുത്തിക്കൊണ്ട് ആവർത്തനകൃഷിക്ക് 20,000 രൂപയുമായി നടീൽ സബ്സിഡി വർധിപ്പിച്ചു. കാരണം റബ്ബർ വില കൂടിനിൽക്കുന്നതിനാൽ സ്വാഭാവികമായും കർഷകർ നഷ്ടത്തിലായ മറ്റ് വിളകൾ ഉപേക്ഷിച്ച് റബ്ബർ കൃഷിയിലേക്ക് ആകൃഷ്ടരാകും എന്നതാണ് വാസ്തവം. അത് വരാൻപോകുന്ന ഭക്ഷ്യദൗർലഭ്യത്തിന് കാരണമാകുകയും ചെയ്യും. ഉത്പാദനം കുറഞ്ഞ മരങ്ങൾ നീക്കംചെയ്തില്ലെങ്കിൽ അടുത്ത വർഷം പ്രതിഹെക്ടർ ഉത്പാദനം താഴേയ്ക്ക് പോകും. റബ്ബർ മരങ്ങൾക്ക് ജൈവവളങ്ങളെക്കാൾ രാസവളങ്ങളാണ് ഉത്തമമെന്ന് ഇലയും മണ്ണും പരിശോധിച്ച് സമർത്ഥിക്കുന്നു. മണ്ണിലെ ജൈവവളങ്ങളുടെ കുറവ് സോയിൽ ഡിഗ്രഡേഷന് കാരണമാകുമെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. തുടർച്ചയായി എൻ.പി.കെ മാത്രം നൽകിയാൽ മരത്തിനാവശ്യമായ സെക്കൻഡറി ന്യൂട്രിയൻസും, ട്രയിസ് എലിമെന്റ്സും കുറയുകയും പലതരം ഇലരോഗങ്ങൾക്ക് കാരണമാകുകയും അതിലൂടെ ഉത്പാദനം കുറയുവാൻ കാരണമാകുകയും ചെയ്യും.

റബ്ബർ സംഭരണത്തിനും കയറ്റുമതിയ്ക്കും വിദേശീയ ഏജൻസികൾക്ക് അനുമതി നൽകുന്നതിലൂടെ റബ്ബർ കർഷകരും വരും നാളുകളിൽ പ്രതിസന്ധിനേരിടാൻ പോകുന്നു. ഇന്ത്യക്കാവശ്യമായ റബ്ബർ പോലും ലഭ്യമല്ലാത്ത അവസ്ഥയിൽ കയറ്റുമതി കൂടുതൽ ദോഷം ചെയ്യും. ചെറുകിട ഉത്പന്നനിർമാതാക്കളെയും കർഷകരെയും ഇത് ദോഷകരമായി ബാധിക്കും. അന്താരാഷ്ട്രനിലവാരമുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുവാൻ ഗുണനിലവാരമുള്ള സ്വാഭാവിക റബ്ബർ ലഭിക്കുകയും ഇല്ല. അത്തരം നല്ല റബ്ബർ മുഴുവൻ ഒരു നിയന്ത്രണവുമില്ലാതെ കയറ്റുമതിയായി മാറും. കേരളത്തിലെ ഭക്ഷ്യവിളകൾ ലഭ്യമാക്കിയിരുന്ന സ്ഥലങ്ങളിൽ റബ്ബർ കൃഷി വ്യാപിക്കുന്നതിലൂടെ ജനിതകമാറ്റത്തിലൂടെ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യോത്പന്നങ്ങൾ അന്യരാജ്യങ്ങളിൽനിന്ന് ഇറക്കുമതിയാകും ഫലം. കാർഷിക മേഖലയെ പാടെ തകർക്കുന്ന കരാറുകളും നയങ്ങളും രാജ്യത്തിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിക്കും. ഉത്പാദക രാജ്യങ്ങൾ പരസ്പരം ആവശ്യമില്ലാത്ത കയറ്റമതി ഇറക്കുമതികളിലൂടെ വിലയിടിവിനും രാജ്യത്തിന് സാമ്പത്തിക നഷ്ടത്തിനും വഴിയൊരുക്കും.

ആവശ്യത്തിലധികം മനുഷ്യശക്തി നമുക്കുള്ളപ്പോൾ അത് വിനിയോഗിച്ച് അന്താരാഷ്ട്രനിലവാരമുള്ള ഉത്പന്നങ്ങളുണ്ടാക്കി കയറ്റുമതി ചെയ്യുകയാണ് വേണ്ടത്. വാഹനങ്ങളിൽത്തന്നെ ധാരാളം ചെറിയ ചെറിയ ഉത്പന്നങ്ങൾ ആവശ്യമാണ്. ജനത്തിന്റെ അവശതയ്ക്ക് പരിഹാരം ആനുകൂല്യങ്ങളായും പെൻഷനായും സബ്സിഡിയായും മറ്റും നൽകുന്നതിനേക്കാൾ ആ ധനം ഉപയോഗിച്ച് വീടുകൾതോറും റബ്ബർ ഉത്പന്നങ്ങൾ ഉണ്ടാക്കുവാൻ കഴിയുകയും ദാരിദ്ര്യനിർമാർജനത്തിന് വഴിയൊരുക്കുകയും ചെയ്യും.